ലെവൽ ക്രോസ്സാണ്. ആ ലെവൽ ക്രോസ്സ് ടെയിൻ വെഹിക്കിൾ യൂണിറ്റ് ആണ്. ഒരു ലക്ഷം വാഹനങ്ങൾ എന്ന തോതുവച്ചാണ് ടി.വി.യു. കണക്കാക്കുന്നത്. ടോട്ടൽ റെയിൽവേ, ബാക്കിയുള്ള വാഹനങ്ങൾ പോകുന്നത്, 24 മണിക്കൂറിൽ പോകുന്നത് എന്നിവയുടെ അടിസ്ഥാനത്തിലാണ് റെയിൽവേ ടി.വി.യു. കണക്കാക്കുന്നത്. അത്തരം സ്ഥലങ്ങളിൽ മാത്രമാണ് അവർ ROB നിർമ്മിക്കാൻ 50% ധനസഹായം നല്കുന്നത്. ഇതിൽ 50% സ്റ്റേറ്റും 50% റെയിൽവേയുമാണ് നല്കുന്നത്. അതുകൊണ്ട് റെയിൽവേയുടെ ആ പദ്ധതി ഇന്ന് നിലവിലില്ല. സ്റ്റേറ്റിന് തനിച്ച് ചെയ്യാൻ സാമ്പത്തിക കഴിവുമില്ല. ഏതായാലും ഇക്കാര്യം റെയിൽവേയുടെ ശ്രദ്ധയിൽപ്പെടുത്താം.

(26) വൈദ്യുതി മേഖലയിലെ പ്രശ്നങ്ങൾ

ശ്രീ. ബാബു എം. പാലിശ്ശേരി: സർ, സംസ്ഥാനത്ത് വയറിംഗ് ലൈസൻസ് ഇല്ലാതെ ആളുകൾ വയറിംഗ് ജോലി ചെയ്യുന്ന പ്രവണത ദിനംപ്രതി കൂടി വരികയാണ്. മതിയായ സാങ്കേതിക പരിജ്ഞാനമോ ലൈസൻസോ ഇല്ലാത്ത ആൾക്കാർ വയറിംഗ് ജോലി ചെയ്യുന്നതുമൂലം പലതരം അപകടങ്ങളും ജീവഹാനിയും ഇടയ്ക്കിടയ്ക്കുണ്ടായി ക്കൊണ്ടിരിക്കുകയാണ്. പല ഗാർഹിക കണക്ഷനുകളിലും മതിയായ എർത്ത് സിസ്റ്റമില്ലാത്തതുമൂലം വലിയ തോതിൽ വൈദ്യുതി പാഴാകുന്നുണ്ട്. അനധികൃതമായി വയറിംഗ് ജോലി ചെയ്യുന്നവർ ലാഭം മുന്നിൽ കണ്ടുകൊണ്ട് ഗുണനിലവാരമില്ലാത്ത വയറുകളും മറ്റു ഫിറ്റിംഗുകളും ഉപയോഗിക്കുന്നുണ്ടെന്ന പരാതിയും നിലനില്ക്കുന്നുണ്ട്. വൈദ്യുതി മേഖലയിലെ ഈ പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരമുണ്ടാക്കുന്നതിന് മതിയായ സാങ്കേതിക പരിജ്ഞാനവും ലൈസൻസുമുള്ളവരാണ് വയറിംഗ് നടത്തിയിട്ടുള്ളതെന്ന് ഉറപ്പുവരുത്തുവാൻ ഇലക്ട്രിക്കൽ ഡിപ്പാർട്ടുമെന്റിന്റെ ഭാഗത്തുനിന്നും നടപടിയുണ്ടാകണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ഊർജ്ജ വകുപ്പുമന്ത്രി (ശ്രീ. ആര്യാടൻ മുഹമ്മദ്): സർ, വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത്. കോൺട്രാക്ടർമാരെ എ, ബി, സി എന്നിങ്ങനെ മൂന്നായിട്ടാണ് തരംതിരിച്ചിട്ടുള്ളത്. എ-യിലും ബി-യിലും ഉള്ള കോൺട്രാക്ടർമാരുടെ കീഴിൽ ഒരു സൂപ്പർവൈസറും രണ്ട് വയർമാൻമാരും വേണം. സി-യിലാണെങ്കിൽ ഒരു വയർമാനുണ്ടായാൽ അതിനോട് അറ്റാച്ച് ചെയ്ത് ചെയ്യാവുന്നതാണ്. വയർമാനെ സംബന്ധിച്ചാണെങ്കിൽ ഒരു കോൺട്രാക്ടറുടെ കീഴിൽ 5 കൊല്ലം പ്രവർത്തിച്ചാൽ അദ്ദേഹത്തിന് വയർമാനായി ലൈസൻസ് കൊടുക്കാം. അല്ലെങ്കിൽ ഐ.ടി.ഐ. പാസ്സായ ആളുകൾക്കും ലൈസൻസ്

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കാം. ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ കീഴിലുള്ള ലൈസൻസിംഗ് ബോർഡാണ് ഇത് നല്കുന്നത്. വയറിംഗ് ചെയ്തുകഴിഞ്ഞാൽ അവർക്ക് അതിനുള്ള ഒരു രജിസ്റ്ററുണ്ട്. കോൺട്രാക്ടർമാർ ആ രജിസ്റ്റർ സൂക്ഷിക്കുകയും അത് സെക്ഷൻ ഓഫീസിൽ ഏല്പിക്കുകയും ചെയ്യണം. അതിൽതന്നെ അവരുടെ തെറ്റുകൾ കണ്ടെത്താനും അല്ലാത്തത് പരിശോധിക്കാനും സാധിക്കും. ഏതായാലും ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച കാര്യങ്ങളൊക്കെ ശരിയാണ്. കൂടുതൽ കാര്യക്ഷമമായി ഇതിന്റെ പരിശോധന നടത്താൻവേണ്ടി പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

(27) ധനസഹായം നല്കുന്നതിലെ കാലതാമസം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: സർ, ഭിന്നശേഷിയുള്ള കുട്ടികൾ പഠിക്കുന്ന വിദ്യാലയങ്ങൾക്കുള്ള ധനസഹായം നൽകുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനു വേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. പി. കെ. അബ്ദു റബ്ബ്): സർ, മാനസികമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കായുള്ള അംഗീകൃത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നല്കുന്നതിനായി സംസ്ഥാന സർക്കാർ 2014-15 സാമ്പത്തികവർഷം 2202/2-109/70 പ്ലാൻ ശീർഷകത്തിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത തുകയുള്ള ഭരണാനുമതി ജി.ഒ.(എം.എസ്.) നമ്പർ 25/741/2014/പൊ.വി. 17-11-2014 പ്രകാരം നല്കുകയും 12 കോടി രൂപ വിതരണം ചെയ്യുന്നതിന് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ധനകാര്യ വകുപ്പിൽനിന്നും ക്ലിയറൻസ് ലഭിച്ചതിനുശേഷം തുക അർഹതപ്പെട്ട വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്നതാണ്. മുൻവർഷം പ്രസ്തുത സാമ്പത്തികസഹായം 2011 ഡിസംബറിലാണ് വിതരണം ചെയ്തത്. ഈ വർഷം തുക വിതരണം ചെയ്യുന്നതിൽ കാലതാമസം നേരിട്ടതായി കാണുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട തേറമ്പിൽ രാമകൃഷ്ണന്റെ സബ്മിഷൻ ഒരു മാതൃകയാക്കാവുന്നതാണ്.

(28) കൊമേഴ്സ് അദ്ധ്യാപകരുടെ നിയമനം

ശ്രീ. വി. പി. സജീന്ദ്രൻ: സർ, സംസ്ഥാനത്തെ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കൊമേഴ്സ് അദ്ധ്യാപകരുടെ തസ്തികകളിലേക്ക് അദ്ധ്യാപകരെ നിയമിക്കുന്നതിനുവേണ്ടിയാണ് ഞാൻ ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കഴിഞ്ഞ മൂന്നുവർഷമായി സംസ്ഥാനത്തെ

LIBRARY ARCHIVES Kerala Legislative Assembly